നതിർത്തിയിലുള്ള ജനങ്ങളെ സംരക്ഷിക്കാൻ, നാദാപുരം ടൗണിനെ പ്രത്യേകമായി സംരക്ഷിക്കാൻ കാലാകാലങ്ങളായി അനുഭവിക്കുന്ന ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ, സത്വരമായ, അടിയന്തിരമായ, അത്യാവശ്യമായ പരിഗണനയും ശ്രദ്ധയും നടപടിയും ഉണ്ടാകണമെന്ന് ഞാൻ അങ്ങയെ സാക്ഷിനിറുത്തി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം സാധാരണ പറയാറുള്ളതുപോലെ ഈ കാര്യവും ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം ഉന്നയിച്ചതുകൊണ്ട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭയിലും സെക്രട്ടറിയേറ്റിലും വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള ചുമതല വിദ്യുച്ഛക്തി ബോർഡിനല്ല. ഇവിടെ വിദ്യുച്ഛക്തി പോയപ്പോൾ "എവിടെ ബാലകൃഷ്ണപിള്ള" എന്നൊക്കെ ഇവിടെ പലരും ചോദിച്ചു. ഈ സെക്രട്ടറിയേറ്റിനകത്തുള്ള സ്വിച്ചിംഗ് സമ്പ്രദായങ്ങളും മറ്റും വേറെയാണ്. ഇത് വിദ്യുച്ഛക്തി ബോർഡിന് നേരിട്ട് നിയന്ത്രണമില്ലാത്ത കാര്യമാണ്. ലൈറ്റു പോകുന്നതും വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി പലപ്പോഴും പലരും ചോദിക്കാറുള്ളതുകൊണ്ട് അത് വിശദീകരിക്കാൻ ഒരു സന്ദർഭം കിട്ടിയതിൽ സന്തോഷമുണ്ട്. ശ്രീമാൻ കണാരൻ എപ്പോഴും ഈ രീതിയിലാണ് സംസാരിക്കാറുള്ളത്. ഇതു ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യമൊന്നുമല്ല. ഇതിനകത്ത് ചില ഏർപ്പാടുകളുണ്ട്. ഇവിടെ ജനറേറ്ററും ചില ലൈൻ സ്വിച്ചാഫുമുണ്ട്. ഈ പറഞ്ഞ സ്ഥലത്ത് ആദ്യം ഒരു ട്രാൻസ്ഫോർമർ കേടായി. ആ ട്രാൻസ്ഫോർമർ മാറ്റി വച്ചു. മാറ്റി വച്ചു കഴിഞ്ഞപ്പോൾ ഒരു ലോറി വന്നിടിച്ച് ഒരു തൂൺ പോയി. അതിനെത്തുടർന്ന് വയലിൽക്കൂടി പോകുന്ന ഒരു പ്രധാനപ്പെട്ട 11. കെ.വി. ലൈൻ പൊട്ടി താഴെ വീണു. അത് നന്നാക്കി വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ആദ്യം ട്രാൻസ്ഫോർമർ കേടായി, വേറെ ട്രാൻസ്ഫോർമർ കൊണ്ടുവച്ചപ്പോഴാണ് ഈ ലൈനിൽ വണ്ടിമുട്ടി ഇങ്ങനെ ഒരു സംഭവം ഉണ്ടായത്. വിദ്യുച്ഛക്തി ബോർഡ് ഇത് രണ്ടും പരിഹരിച്ചിട്ടുണ്ട്. വടകര സബ്സ്റ്റേഷനിൽനിന്ന് പുതിയ ഒരു ലൈൻകൂടി വലിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഇതിന്റെ അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ ക്രൂരമായി സംസാരിക്കരുത്: തമിഴ്നാട്ടിൽനിന്ന് ഒരു വണ്ടി വന്നിടിച്ചത് മന്ത്രിയുടെ കുറ്റമാണെന്ന് പറഞ്ഞാൽ അത് ക്രൂരതയാണ് എന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ.

## 13. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി

ശ്രീ. എം.എം. ഹസ്സൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ 2 എം.എൽ.എ. റോഡുകളിൽ ഒരു റോഡിന്റെ പകുതി പണി പൂർത്തിയായിട്ടുണ്ട്. കല്ലൂർ—മഞ്ഞമല റോഡിൽ ടാറിംഗ് മാത്രമാണ് ബാക്കിയുള്ളത്. എത്രയും വേഗം ആ റോഡ് ടാറുചെയ്തു സഞ്ചാരയോഗ്യമാക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. രണ്ടാമത്തേത് കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുല്ലാന്നിവിള—നരിക്കൽ റോഡും മൂഴിനട പാലവുമാണ്. കാൽനൂറ്റാണ്ടുകാലമായി ഈ പ്രദേശത്തെ ജനങ്ങൾ ഗതാഗത സൗകര്യമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുന്നതുകൊണ്ടാണ് രണ്ടാമത്തെ റോഡ് എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ പണി ഉടനടി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. മഴ പെയ്തതുകൊണ്ട് ടാറിംഗ് ചെയ്യാൻ കഴിഞ്ഞില്ലായെന്നു മാത്രമേയുള്ളൂ. രണ്ടാമത്തെ റോഡിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ആ റോഡിന്റെയും ആ പാലത്തിന്റെയും പണി ആരംഭിക്കുന്നതാണ്.

## 14. ഗ്രാമവികസന പദ്ധതിയനുസരിച്ച് ലോണെടുത്തവരുടെ മേലുള്ള റിക്കവറി നടപടി

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് തൽക്കാലം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ഐ.ആർ.ഡി.പി. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ കടം, നാൽക്കാലി വാങ്ങാനുള്ള കടം, വ്യാപാര കടം, പെറുകിട വ്യവസായ കടം, ബാർബർ ഷോപ്പ് തുടങ്ങുന്നതിനുള്ള കടം, ജീവനോപാധി സമ്പാദിക്കാനുള്ള കടം ഇങ്ങനെയുള്ള കടങ്ങളും എടുത്തിട്ടുള്ള ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകളും നമ്മുടെ നാട്ടിൽ റിക്കവറി നടപടികളും ചെയ്തു കഴിയുകയാണ്. റിക്കവറി നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നതിനുവേണ്ടി എല്ലാ ആഫീസുകളിലും ഈ ആളുകളുടെ തള്ളിക്കയറ്റം ഇന്നു നടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് തൽക്കാലം, പാവപ്പെട്ടവരുടെ മേലുള്ള ഈ റിക്കവറി നടപടികളും നിറുത്തിവയ്ക്കണമെന്നാണ്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അങ്ങനെ നിറുത്തി വയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. സാധാരണ ഗതിയിൽ അങ്ങനെ ചെയ്യാനുള്ള നടപടിക്രമം ഇല്ല. എന്നിരുന്നാലും ഇങ്ങനെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യങ്ങളിൽ അവർക്ക് ലോൺ തിരിച്ചടക്കാനുള്ള സാവകാശം കൊടുത്തിട്ടുണ്ട്. എസ്.ടി., എസ്.സി. കാറ്റഗറിയിലോ മറ്റു ബാക്ക്വേഡ് ക്ലാസ്സുകളിലോ ഉൾപ്പെടുന്ന ആളുകൾ ഈ പണം അടയ്ക്കാതിരുന്നാൽ അത് റൈറ്റ് ഓഫ് ചെയ്യാനുള്ള പ്രൊവിഷനൊന്നും നമുക്കില്ല. അതിന് താൽക്കാലികമായ സാവകാശം കൊടുക്കാം. വരൾച്ച ബാധിച്ച പ്രദേശത്ത് മാത്രം 31-12-1986 വരെയുള്ള എല്ലാ റിക്കവറി നടപടികളും നിറുത്തി വച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽ അങ്ങനെ ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

## 15. നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കേരളത്തിലെ നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്കൃതത്തിന്റെയും മലയാള ഭാഷയുടേയും പ്രചരണത്തിനും വികസനത്തിനും വേണ്ടി തന്റെ സർവ്വസ്വവും വിനിയോഗിച്ച ശ്രീമാൻ പുന്നശ്ശേരി നീലകണ്ഠ ശർമ്മയുടെ

LIBRARY ARCHIVES Kerala Legislative Assembly